(എഫ്) അന്വേഷണത്തിൽ കുഞ്ഞുണ്ണിനായർ പോലീസിനു് നടപടി എടുക്കത്തക്ക കുറ്റമൊന്നും ചെയ്തതായി തെളിവായില്ല. അതിനാൽ മേൽനടപടി ആവശ്യമായിവന്നില്ല.

കടിയിറക്കു്

*ക്വ. (വ്യ ഴ) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ക്വ ക്വ ന്യ ധന ക്വ-ാംന്ദ- തിരുവാംകുളം വില്ലേജിൽ കരിഞ്ഞാമ്പിറ ദേശത്തു് കുഞ്ഞമ്മിണി എന്നു് സാധാരണ അറിയപ്പെടുന്ന അബ്രഹാം എന്ന ആളിന്റെ മകൻ ജോസഫ് എന്ന ആറം ഇരിമ്പനം ദേശത്തു് തന്റെ പറമ്പിൽ താമസിച്ചിരുന്ന ചെറുമാളിയേൽ അയ്യപ്പൻ മകൻ കാളിക്കുട്ടി എന്ന ആ സ്ത്രീയുടെ പുര പൊളിച്ചുകളഞ്ഞതിനേയും മറ്റും സംബന്ധിച്ചു് വല്ല ആക്ഷേപവും ഉൻ— ക്വ ഉ— ള ം, ന ക്വ— ക്വ—ള ക്വ എന്നീ തീയതികളിൽ ബഹു. പോലീസു് ഇൻസ്പെക്ടർ ജനറൽ അവർകൾക്കു് കിട്ടിയിട്ടുണ്ടോ;

(ബി) ജനങ്ങൾ വിധിയെഴുതട്ടെ എന്ന തലക്കെട്ടിൽ ക്വള— ള—ഉന്നുലെ എക്സ്പ്രസ്സിൽ കൊടുത്തിരുന്ന ലേഖനത്തിന്റെ രണ്ടാമത്തെ പാരയിൽ മേൽപറഞ്ഞ സംഭവത്തെക്കുറിച്ചു് പറഞ്ഞിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ;

(സി) ടി സംഭവത്തെക്കുറിച്ചു് തൃപ്പൂണിത്തുറ ടൗൺ പോലീസ് സ്റ്റേഷനിൽ സങ്കടം ബോധിപ്പിക്കാൻ ചെന്ന ടി കാളിക്കുട്ടിയുടെ ഹർജി ഇൻസ്പെക്ടർ നിരസിക്കുകയും കാളിക്കുട്ടിയെ ആട്ടിപ്പായിക്കുകയും ചെയ്തു എന്നുള്ള പരാതിയും ബഹു. ഇൻസ്പെക്ടർ ജനറലിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) മേൽപറഞ്ഞ ആക്ഷേപങ്ങൾക്കെല്ലാം ഇൻസ്പെക്ടർ ജനറലോ ഗവണ്മെൻറോ എന്തു നടപടികൾ എടുത്തു എന്നും ആ നടപടികളുടെ ഫലം എന്തെന്നും അറിയിക്കുവാൻ മയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ, ബി, സി) ഉവ്വ്.

(ഡി) അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

സ്ഥലം കൈവശപ്പെടുത്തിയതിനെപ്പറ്റിയുള്ള പരാതി

*ക്വ. ഉ. (വ്യ വ്യ) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ർ— ക്വ— ള ക്വ-ൽ കുന്നത്തുനാടു് താലൂക്കു് വെങ്ങനാടു് പകുതിയിൽ കുറുകയിൽ പറമ്പത്തുകോര, മാത്യു, കുറിയാക്കോ മുതൽപേർ കൂടിയിൽ കുറുകയിൽ പറമ്പത്തുകോര, മാത്യു, കുറിയാക്കോ മുതൽപേർ കൂടിയ കുറുകയിൽ വെങ്കിളി ഇടപ്പള്ളി പോലീസു് ഇൻസ്പെക്ടരോടുകൂടി ചെന്നു കുറുകയിൽ വെങ്കിളി മകൻ കണ്ണൻ, തേവൻ, എന്നിവരുടെ കൈവശാവകാശമുള്ള ഉദ്ദേശം നൂറേക്കർ സ്ഥലവും അതിലുള്ള അവരുടെ ദേഹണ്ഡങ്ങളും അന്യായവും നിയമവിരുദ്ധവുമായ നിലയിൽ ബലമായി കൈവശപ്പെടുത്തിയിരിക്കുന്നതായി കാണിച്ചു് ക്വ വ്യ— ക്വ— ള ക്വ-ൽ അയക്കപ്പെട്ടിട്ടുള്ള ഒരു ഹർജി പോലീസു് ഇൻസ്പെക്ടർ ജനറൽ അവർകൾക്കു് കിട്ടിയിട്ടുണ്ടോ;

(ബി) ടി ഹർജിയെക്കുറിച്ചു് ഗവണ്മെൻറു് അന്വേഷിക്കയുണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly